ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/05/2018*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*


## *വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!*

*ദയാനന്ദ സന്ദേശം വൈദിക മാസിക*

## *ദയാനന്ദ സന്ദേശം വൈദിക മാസിക*

*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം!*
*ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**വാർഷിക വരിസംഖ്യ ₹ 100/- ദീർഘകാലം ₹ 1500/-.**
**വരിസംഖ്യ (M.O) അയയ്ക്കേണ്ട വിലാസം**
**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*

*ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ*
*ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.*

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400**
**Punjab National Bank- Cherpalcheri Branch**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ□म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക–ദാർശനിക മാസിക**
**DAYANANDA SANDESAM**


ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 6 ലക്കം 11

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 വൈശാഖം – ജ്യേഷ്ഠം
1193 മേടം – എടവം 2018 മേയ്

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



**സി.വി. രാമൻ (1888 - 1970)**

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| മേയ് 7 | : | സി.വി. രാമൻ ജന്മദിനം |
| | | രവീന്ദ്രനാഥ ടാഗോർ ജന്മദിനം |
| മേയ് 9 | : | മഹാറാണാ പ്രതാപ് ജന്മദിനം |
| മേയ് 11, 13 | : | പൊഖ്റാൻ അണു പരീക്ഷണ വാർഷികം (ഓപ്പറേഷൻ ശക്തി) |
| മേയ് 28 | : | വീർ സവർക്കർ ജയന്തി |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1 സൂക്തം 8**

**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ പ്രതിഷ്ഠാഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ**

ഓം നി യേന മുഷ്ടിഹത്യയാനി വൃത്രാ രുണധാമഹൈ।
ത്വോതാസോ ന്യർവതാ॥ (ഋഗ്വേദം 1.8.2)

**പദാർത്ഥം:** അല്ലയോ ജഗദീശ്വര! (ത്വോതാസഃ) അങ്ങയുടെ സാമീപ്യത്താൽ സംരക്ഷണം പ്രാപിക്കുന്ന ഞങ്ങൾ (യേന) ഏതൊരു പൂർവ്വോക്ത ധനത്താൽ (മുഷ്ടിഹത്യയാ) ബാഹുയുദ്ധത്താലും (അർവ്വതാ) കുതിര തുടങ്ങിയ സേനാസാമഗ്രികളാലും (നിവൃത്രാ) ശത്രുക്കളെ (നിരുണധാമഹൈ) തടഞ്ഞുനിർത്തി അതായത് അവയെ പരാജയപ്പെടുത്തി ഉത്തമങ്ങളായ അത്തരം ധനത്തെ ഞങ്ങൾക്ക് ലഭിക്കാനായി കൃപ ചൊരിഞ്ഞാലും.

**ഭാവാർത്ഥം:** ഈശ്വരന്റെ സേവകൻമാരായ മനുഷ്യർക്ക് ഉചിതമായിട്ടുള്ളത് തങ്ങളുടെ ശരീരത്തിന്റേയും ബുദ്ധിയുടേയും ബലത്തെ വളരെ വർദ്ധിപ്പിച്ച് ശ്രേഷ്ഠപുരുഷന്മാരുടെ പാലനവും ദുഷ്ടൻമാരുടെ അമർച്ചയും ചെയ്യുക എന്നതാണ്. അങ്ങനെ ശത്രുക്കൾ അവരുടെ മുഷ്ടി പ്രഹരങ്ങളെ സഹിക്കാനാവാതെ എപ്പോഴും അങ്ങുമിങ്ങും ഓടിപ്പോകട്ടെ.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്.**
**തർജ്ജമഃ കെ.എം.രാജൻ)**

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി.ഒ., പാലക്കാട് – 679 504**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## കരിയർ അഭിരുചി പരീക്ഷ നടത്തി



കാറൽമണ്ണ: ആര്യസമാജം സേവാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി കാറൽമണ്ണ വേദഗുരുകുലത്തിൽവെച്ച് ഏപ്രിൽ 1 ന് ഞായറാഴ്ച കാലത്ത് തൊഴിൽ അഭിരുചി പരീക്ഷ നടത്തി. ലൈഫ് ആന്റ് സ്കിൽ അക്കാദമിയുടെ ഡയറക്ടർ ശ്രീമതി കെ.ജി.നായർ ടെസ്റ്റുകൾക്ക് നേതൃത്വം നൽകി. ശ്രീ.ഭവദാസൻ മാസ്റ്ററുടെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന യോഗത്തിൽ ആര്യസമാജം കാര്യദർശി കെ.എം.രാജൻ സ്വാഗതവും കെ.ഗോവിന്ദപ്രസാദ് നന്ദിയും പ്രകാശിപ്പിച്ചു.

## വേദമന്ദിരം ഉദ്ഘാടനം ചെയ്തു



**കാറൽമണ്ണ:** കാറൽമണ്ണ വേദഗുരുകുലത്തിനോടനുബന്ധിച്ചു നിർമ്മിച്ച വേദമന്ദിര (ആര്യസമാജമന്ദിരം) ത്തിന്റെ ഉദ്ഘാടനം ബൃഹത് അഗ്നിഹോത്രത്തോടെ വിഷുദിനത്തിൽ നടന്നു. ഇതോടൊപ്പം ഒരു സമൂഹഉപനയന സംസ്കാരവും നടന്നു. കേരളീയ രീതിയിലുള്ള വേദാലാപന പഠനത്തിന്റെ പുതിയ ബാച്ച് ആരംഭിക്കുകയും ചെയ്തു. പ്രഗൽഭ ഋഗ്വേദ പണ്ഡിതനായ കോതമംഗലം വാസുദേവൻ നമ്പൂതിരിയുടെ നേതൃത്വത്തിലാണ് വേദാലാപനപഠനം നടക്കുന്നത്.

വേദവിഹിതമായ പഞ്ചമഹായജ്ഞങ്ങൾ തുടങ്ങിയ നിത്യകർമ്മങ്ങൾ, ഷോഡശസംസ്കാരങ്ങൾ, ദർശപൗർണ്ണമാസേഷ്ടി തുടങ്ങിയ കാമ്യകർമ്മങ്ങൾ, വേദാനുകൂലമായ പ്രായശ്ചിത്തകർമ്മങ്ങൾ, വാരമിരിക്കൽ, മുറജപം, ത്രിസന്ധ, ശ്രൗതയജ്ഞങ്ങൾ തുടങ്ങിയവയും വേദമന്ദിരം കേന്ദ്രീകരിച്ചു നടക്കുന്നതാണ്.

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

ച്ചാൽതന്നെ അക്കാര്യം വ്യക്തമാവും. ഒരിക്കൽ ശിവൻ പുറത്തുപോയ സമയത്ത് പാർവ്വതി കുളിക്കാൻ തയ്യാറെടുക്കുകയായിരുന്നു. തന്റെ സുരക്ഷിതമായ സ്നാനത്തിനായി പുറത്ത് ഒരാളെ കാവൽ നിർത്തണമെന്നു തോന്നി. അതിനായി അവർ ഇരുകൈകളും കൂട്ടി ശക്തിയായിതിരുമ്മി. അതിൽനിന്ന് ഒരു ബാലൻ ഉൽപ്പന്നമായി പുറത്തുവന്നു. പാർവ്വതി ബാലനെ കാവൽനിൽക്കാൻ ചുമതലപ്പെടുത്തി. ആരേയും അകത്തേക്കു കടത്തിവിടരുതെന്ന് പറഞ്ഞു. ശിവൻ തിരച്ചുവന്നപ്പോൾ കാവൽ നിൽക്കുകയായിരുന്ന ബാലൻ അദ്ദേഹത്തെ തടഞ്ഞുനിർത്തി. സ്വന്തം ഗൃഹത്തിലേക്ക് കടക്കുന്നതിൽനിന്ന് ബാലൻ അദ്ദേഹത്തെ തടഞ്ഞതിൽ കുപിതനായ ശിവൻ തന്റെ ത്രിശൂലം കൊണ്ട് അവന്റെ തലവെട്ടിവീഴ്ത്തി. ഇതറിഞ്ഞ പാർവ്വതി വിലാപമാരംഭിച്ചു. വിഷ്ണുവിന് ഇക്കാര്യം അറിഞ്ഞപ്പോൾ അദ്ദേഹം ഒരു നവജാത ആനക്കുട്ടിയുടെ തലവെട്ടിമാറ്റി ബാലന്റെ കഴുത്തിൽ ഉറപ്പിച്ചു. ഇങ്ങനെയാണത്രെ ഗണേശൻ ഉണ്ടായത്! ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്ന ആനയൂട്ടും ഗണേശഘോഷയാത്രകളുമൊക്കെ ഈ കഥയുടെ തുടർച്ചയാവാം.

ശിവന് ഗണേശൻ എന്നൊരുപുത്രൻ ഉണ്ടായിരുന്നിരിക്കാം. എന്നാൽ കൈകൾ കൂട്ടിതിരുമ്മിയാൽ സന്താനമുണ്ടാകുമെന്നത് അസംബന്ധമാണ്. പാർവ്വതിക്ക് അങ്ങനെയൊരു കഴിവുണ്ടെങ്കിൽ അവർക്ക് ശിവനെ വിവാഹം കഴിക്കേണ്ട ആവശ്യമില്ലല്ലോ? മാത്രവുമല്ല, ശിവന് അത് തന്റെ പുത്രനാണെന്ന് തിരിച്ചറിയാനുമാവുന്നില്ല. അദ്ദേഹത്തിന്റെ ക്രോധവും അപാരം തന്നെ. കുട്ടികളുടെ കുസൃതിത്തരങ്ങൾ കണ്ട് കോപിഷ്ഠനായി തലവെട്ടാനൊരുങ്ങുക ഒരു സംയമിയും യോഗിയും ഒരിക്കലും ചെയ്യില്ല. പാർവ്വതിക്ക് വേണമെങ്കിൽ വീണ്ടും കൈകൾ കൂട്ടിതിരുമ്മി മറ്റൊരു ബാലനെ സൃഷ്ടിക്കുകയുമാവാമായിരുന്നു. ആനക്കുട്ടിയുടെ തലവെട്ടിയെടുത്ത് മനുഷ്യബാലന്റെ കഴുത്തിൽ ഉറപ്പിക്കുന്നത് ഒരു യുക്തിക്കും നിരക്കുന്നതല്ല. ബാലന്റെ തലതന്നെ താഴെനിന്നെടുത്ത് അത് തന്നെ ഉറപ്പിക്കുകയായിരുന്നില്ലേ വിഷ്ണുവിന് കൂടുതൽ ഉചിതമായിരുന്നത്? സാധു ജീവിയായ ഒരാനക്കുട്ടിയെ കൊല്ലുന്നത് വിഷ്ണുവിന് ഭൂഷണമാണോ?

പുരാണങ്ങളിൽ യുക്തിക്കുനിരക്കാത്ത ഇത്തരം നിരവധി കഥകൾ കാണാം

(തുടരും)

**പത്രാധിപർ**





***(മുൻ ലക്കത്തിന്റെ തുടർച്ച)***

# വേദങ്ങളെ അറിയുക

**ഡോ. വിവേക് ആര്യ**
**തർജ്ജമ: കെ. എം. രാജൻ**

## അദ്ധ്യായം 2 — വേദവും ശുദ്രനും

**ചോദ്യം :** **വേദങ്ങളിൽ ശൂദ്രനെ താഴ്ന്നവനായാണോ പറയുന്നത്?**

**ഉത്തരം :** വേദങ്ങളിൽ ശൂദ്രനെ അത്യന്തപരിശ്രമി എന്നാണ് പറയുന്നത്. ഋഗ്വേദത്തിൽ പറയുന്നു 'തപസേ ശൂദ്രമ് ', അതായത് കഠിനാദ്ധ്വാനത്താൽ അന്നാദികളെ ഉണ്ടാക്കുകയും ശിൽപ്പം തുടങ്ങിയ കഠിനകാര്യങ്ങൾ ചെയ്യാൻ കഴിയുന്നവനുമാണ് ശൂദ്രൻ. 'തപ' എന്ന ശബ്ദത്തിന്റെ പ്രയോഗം അനന്തസാമർത്ഥ്യത്താൽ ജഗത്തിലെ എല്ലാ പദാർത്ഥങ്ങളുടേയും രചന നടത്തുന്ന ഈശ്വരനെ ദ്യോതിപ്പിക്കുന്നതായാണ് വേദങ്ങളിൽ. വേദങ്ങളിലെ വർണ്ണാത്മക സൃഷ്ടിയിൽ ശൂദ്രനും ബ്രാഹ്മണനും തമ്മിൽ വ്യത്യാസമൊന്നുമില്ല. യജുർവ്വേദത്തിൽ പറയുന്നു. മനുഷ്യരിലെ നിന്ദിതരായ വ്യഭിചാരികൾ, ചൂതാട്ടക്കാർ, നപുംസകങ്ങൾ ഇവരിൽ ശൂദ്രനും (കഠിനമായി പണി എടുക്കുന്നവൻ) ബ്രാഹ്മണനും (അദ്ധ്യാപകനും മറ്റും) ഇല്ല. അവരെ ദൂരെ മാറ്റി നിർത്തുന്നു എന്ന്. രാജാവിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഹിതകാരികളായ (സദാചാരികൾ)വരെ സമീപത്ത് നിർത്തുന്നുണ്ട്. വ്യവഹാരസിദ്ധിയുടെ കാഴ്ചപ്പാടിൽ ഈ മന്ത്രത്തിൽ ബ്രാഹ്മണനേയും ശൂദ്രനേയും വേർതിരിച്ചുകാണുന്നില്ല. ബ്രാഹ്മണൻ വിദ്യയാലും ശൂദ്രൻ പരിശ്രമത്താലും രാജ്യത്തെ സേവിക്കുന്നു. രണ്ടുപേരെയും അടുത്തുകഴിയുന്നവരായി പറയുന്നതിനാൽ ശൂദ്രൻ തൊട്ടു കൂടാത്തവൻ എന്ന ശബ്ദത്തിനു പര്യായവാചിയല്ല. താഴ്ന്നവനാണെന്നും പറയുന്നില്ല. മനുഷ്യരിൽ വലിയവരും ചെറിയവരുമില്ലെന്ന് പറയുന്നുണ്ട്. (ഋഗ്വേദം 5.60.5). എല്ലാവരും പരസ്പരം സഹോദരഭാവത്തോടെ വർത്തിക്കേണ്ടവരാണ്. എല്ലാവരും ചേർന്ന് ലൗകികവും പാരലൗകികവുമായ സർവൈശ്വര്യങ്ങളെ പ്രാപിക്കണം.

ഹിംസിക്കാതിരിക്കുക, സത്യം പറയുക, മറ്റുള്ളവരുടെ ധനത്തെ അന്യായപൂർവ്വം പിടിച്ചുവാങ്ങാതിരിക്കുക, പവിത്രനായിരിക്കുക, ഇന്ദ്രിയ നിഗ്രഹം വരുത്തുക എന്നിവ നാലു വർണ്ണങ്ങളുടെയും സമാനധർമ്മമാണെന്ന് മനുസ്മൃതിയിൽ (10.63) പറയുന്നുണ്ട്. നാലുവർണ്ണങ്ങളുടെയും ആചാരധർമ്മങ്ങൾ ഒന്നാണെന്ന് പറയുന്നു. വർണ്ണഭേദത്താൽ ധാർമ്മികനാവുന്നു എന്ന ഒരു വേർതിരിവും ഇല്ല. ബ്രാഹ്മണസ്ത്രീയുടെ ഗർഭത്തിൽനിന്നും ജനിക്കുന്നതുമൂലമോ, സംസ്കാരത്താലോ, വേദശ്രവണത്താലോ, ബ്രാഹ്മണപിതാവിന്റെ പുത്രനായാലോ ആരും ബ്രാഹ്മണനാവുന്നില്ല. സദാചാരത്താലാണ് ബ്രാഹ്മണനായി തീരുന്നത്. കുലം, ജാതി എന്നിവയാൽ ഒരാളും ബ്രാഹ്മണനാവുന്നില്ല. ചണ്ഡാലൻ പോലും സദാചാരിയാണെങ്കിൽ അയാൾ ബ്രാഹ്മണനാണ് (മഹാഭാരതം അനുശാസനപർവ്വം അദ്ധ്യായം 226)

(തുടരും)

***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



പണ്ഡിറ്റ് ലേഖ്റാം പിന്നീട് ക്വേറ്റ, ബലൂചിസ്ഥാൻ തുടങ്ങിയ സ്ഥലങ്ങളിൽ പ്രചാരപ്രവർത്തനത്തിനായി പോയി. തന്റെ അനുജൻ തോതാറാമിന്റെ മരണം നടന്നതായി അദ്ദേഹത്തിന് കമ്പി സന്ദേശം ലഭിച്ചു. പ്രചാരപ്രവർത്തനങ്ങളിൽ വളരെ വ്യാപൃതനായിരുന്നതിനാൽ അതിനിടക്ക് വെച്ച് മടങ്ങിപോകാൻ പറ്റുന്ന സ്ഥിതിയിലായിരുന്നില്ല അദ്ദേഹം. ആര്യ പ്രതിനിധിസഭയുടെ കാര്യദർശിക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട് അദ്ദേഹമിങ്ങനെ എഴുതി "എന്റെ കൊച്ചനുജൻ തോതാറാം ജൂൺ 12 ന് മരണപ്പെട്ടിരിക്കുന്നു. എന്നാൽ വീട്ടുകാർ കുറച്ചു സമയത്തേക്ക് എന്നോടിക്കാര്യം പറഞ്ഞില്ല. ഇന്നലെ പേഷാവാറിൽനിന്ന് ചെറിയച്ഛന്റെ കത്തുവന്നു. അതിൽ നിന്നാണ് ഇക്കാര്യമറിഞ്ഞത്. എന്തുചെയ്യണമെന്നറിയാത്ത സ്ഥിതിയിലാണ് ഞാനിപ്പോൾ. ഇവിടെ സമാജത്തിന്റെ പ്രവർത്തനം. അവിടെ വീട്ടിൽ ദുർഘടന. പ്രചാരകാര്യങ്ങൾ ഇടക്കുവെച്ചു നിർത്തി പോയാൽ ഇവിടുത്തെ സമാജപ്രവർത്തനം താറുമാറാവും. എന്നാൽ വീട്ടിലും ബുദ്ധിമുട്ടുണ്ട്. അതിനാൽ ഞാൻ ഇന്നുതന്നെ വീട്ടിലേയ്ക്ക് ഒരു കത്തെഴുതി പറഞ്ഞു. ജൂലായ് അവസാനംവരെ എനിക്ക് ക്വേറ്റയിൽ തങ്ങാൻ നിങ്ങൾ അനുവാദം തന്നാൽ നന്നായിരിക്കും. അല്ലെങ്കിൽ അവിടെ നിന്നും കത്തുകിട്ടിയാലുടൻ ഞാനങ്ങോട്ട് വരാം".

ധർമ്മത്തോടുള്ള പണ്ഡിറ്റ് ലേഖ്റാമിന്റെ പരമശ്രദ്ധകണ്ട് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ പിന്നീടദ്ദേഹത്തെ കൂടുതൽ ബുദ്ധിമുട്ടിച്ചില്ല. വസുധൈവ കുടുംബകം എന്നതായിരുന്നു അദ്ദേഹത്തിന്റെ ആദർശം. ക്വേറ്റയിലെ പ്രചാരകാര്യം കഴിഞ്ഞപ്പോഴേക്കും ദാനാനഗറിൽനിന്നും അദ്ദേഹത്തിന് ഒരു കമ്പി സന്ദേശം കിട്ടി. ഒരു മുസ്ലീം മൗലവി അദ്ദേഹവുമായി ശാസ്ത്രാർത്ഥത്തിനായി ആഗ്രഹിക്കുന്നുവെന്നായിരുന്നു ആ സന്ദേശം. പണ്ഡിറ്റ്ജി ദാനാനഗറിലെത്തിയെങ്കിലും ഒരു മൗലവിയും അദ്ദേഹത്തിനുമുന്നിൽ വന്നില്ല. സന്ധ്യാവന്ദനവിഷയത്തെ അധികരിച്ച് അദ്ദേഹമവിടെ ഒരു പ്രഭാഷണം നടത്തി.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 6 ലക്കം 10

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 വൈശാഖം – ജ്യേഷ്ഠം
1193 മേടം – എടവം 2018 മേയ്



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം | : | 14 |



**വിലാസം**
**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

# ശിവസങ്കല്പം

(തുടർച്ച)



നാഗരികതയുടെ വീക്ഷണത്തിൽ നോക്കിയാൽ ശിവന്റെ വേഷഭൂഷാദികൾ അപരിഷ്കൃതവർഗ്ഗക്കാരുടേതുപോലാണ്. വിഷ്ണു പീതാംബരം ധരിച്ചിരുന്നു. സാധാരണ ജനങ്ങൾ പഞ്ഞികൊണ്ടുണ്ടാക്കിയ വസ്ത്രങ്ങളും ധരിച്ചിരുന്ന സമയത്ത് ഭൂതങ്ങളുടെ രാജാവായ ശിവൻ മൃഗത്തോൽ ആണ് ധരിച്ചിരുന്നത്. രാജാവ് തന്നെ മൃഗത്തോലു ധരിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ പ്രജകൾ എന്തായിരിക്കും ധരിച്ചിരിക്കുക?

### പുരാണങ്ങളിലെ ശിവൻ

പുരാണങ്ങളിൽ വർണ്ണിക്കുന്ന ശിവന്റെ സ്വരൂപം വളരെയധികം വികൃതമാണ്. ശിവന്റെ ജനനം, അദ്ദേഹത്തിന്റെ മക്കളുടെ ഉത്ഭവം എന്നിവയെല്ലാം അത്യന്തം സാങ്കല്പികമാണ്. ഗണേശന്റെ ജന്മത്തെക്കുറിച്ച് ചിന്തി

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം




**മി**ഥിലാദേശത്തെ ജനകപുരിയിലെ രാജാവ് ഇപ്പോഴും ജനകനായി അറിയപ്പെട്ടുവരുന്നതുപോലെയാണിത്. സീതയുടെ പിതാവായ ജനകമഹാരാജാവ് ഇന്നും ജീവിച്ചിരിക്കുന്നു എന്നു പറയുന്നത് ബാലിശമാണ്. ബ്രഹ്മാവിന്റെ വിഷയത്തിലും ഇതുതന്നെയാണുള്ളത്. അനന്തരം 8 വസുക്കൾ ഉണ്ടായി. ആര്യാവർത്തത്തിലെ ജനസംഖ്യവർദ്ധിച്ചപ്പോൾ ആര്യന്മാർ തങ്ങളുടെ വിഡ്ഢികളും ശൂദ്രന്മാരും അനാര്യന്മാരുമായവരോടൊപ്പം വിമാനത്തിലേറി പുറപ്പെട്ട് അവിടങ്ങളിൽ താമസമുറപ്പിച്ചു. ഇപ്രകാരം ലോകത്തെല്ലായിടത്തും മനുഷ്യരെത്തി.

ഈ സമയത്ത് ഇക്ഷ്വാകുരാജാവ് പണ്ഡിതന്മാരുമൊത്ത് ഭാരതഖണ്ഡത്തിലെത്തി വാസമുറപ്പിച്ചു. പടിഞ്ഞാറ് സരസ്വതി നദി മുതൽ (അതായത് സിന്ധുനദി) കിഴക്ക് ബ്രഹ്മപുത്ര അഥവാ ദൃഷദ്വതിവരേയും വടക്ക് ഹിമാലയം വരെയും തെക്ക് വിന്ധ്യാദ്രിക്കുമിടക്കുള്ള പ്രദേശമാണ് ആര്യാവർത്തം.

**സരസ്വതിദൃഷത്യോർദേവനദ്യോര്യന്തരം ||**
**തയോരേവാന്തരം ഗിര്യോരാര്യാവർത്തം വിദുർബുധാഃ||**
**(മനുസ്മൃതി 2.17, 22)**

ഈ ആര്യാവർത്തം എത്ര മനോഹരമാണ്? എത്രഫലഭൂയിഷ്ഠമാണ് ഈ സ്ഥലം? ജലവും വായുവും എത്ര ശ്രേഷ്ഠമാണിവിടെ? ആറു ഋതുക്കളും ക്രമപ്രകാരം വരുന്നുണ്ടിവിടെ.

ദേവൻ എന്നതിനർത്ഥം വിദ്വാൻ എന്നാണ്. അതിനാലാണ് 'ദേവനദി' തുടങ്ങിയ പേരുകൾ വന്നത്. അതുകൊണ്ടാണ് "ദേവനദ്യോര്യന്തരം' (മനുസ്മൃതി 2.17) എന്നു പറയുന്നത്. ആദ്യകാലത്ത് ഗംഗയുടെ പേര് 'പദ്മ' മെന്നായിരുന്നു. ഭാഗീരഥ രാജാവ് ആ നദിയിൽനിന്ന് നിരവധി തോടുകൾ ഉണ്ടാക്കി. അതിനാലതിന്റെ പേര് ഭാഗീരഥി എന്നായി.

അക്കാലത്ത് ബ്രഹ്മചാരിയുടേയും ബ്രാഹ്മണരുടേയും പേര് 'ആര്യൻ' എന്നായിരുന്നു. അതിന്റെ സൂത്രമിങ്ങനെയാണ്.

**'ആര്യോബ്രാഹ്മണ കുമാരയോഃ'**
**(അഷ്ടാദ്ധ്യായി 6.3.58)**

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**ഈ**ശ്വരസിദ്ധി തന്നെയാണ് സർവ്വശ്രേഷ്ഠസിദ്ധി. യോഗികൾക്ക് വളരെ സിദ്ധികൾ പ്രാപ്തമാണ്. അഷ്ടാംഗയോഗത്താൽ അഷ്ടാംഗസിദ്ധികൾ അതായത് അണിമ, ലഘിമ, മഹിമ, പ്രാപ്തി, പ്രാകാമ്യം, വശിത്വം, ഈശിതൃത്വം കാമവാസായിത്വം എന്നിവ പ്രാപ്യമാണ്. ഇവ യോഗസിദ്ധികളാണ്, എന്നാൽ ഈ സിദ്ധികൾക്ക് പ്രാധാന്യം കൊടുക്കാതെ ഈശ്വരസിദ്ധിക്കായി പ്രയത്നിക്കണം. മനുഷ്യജീവന്റെ ലക്ഷ്യം അതാണ്. ഇത് സാധാരണക്കാർക്ക് കഠിനമായി തോന്നും. ഇവയെല്ലാം വെറും അത്ഭുതങ്ങളല്ല. യോഗാഭ്യാസത്തിന്റെ നേട്ടങ്ങളാണ്.

**ചോദ്യം 71: ഈശ്വരീയാനന്ദം അനുഭവിച്ചറിയുക എന്നതാണ് യോഗത്തിന്റെ സർവ്വോത്തമസിദ്ധി എങ്കിൽ മോക്ഷത്തിനായി ആഗ്രഹിക്കുന്നതെന്തിനാണ്? അവിടേയും ഈശ്വരീയാനന്ദം തന്നെയല്ലേ ലഭിക്കുന്നത്?**

**ഉത്തരം :** മോക്ഷം ആഗ്രഹിക്കുകതന്നെയാണ് ഏറ്റവും യോഗ്യമായ കാര്യം. ഈ ശരീരത്തിൽ മോഹവും വൈരാഗ്യവും മാറി മാറി വന്നുകൊണ്ടിരിക്കും. മോഹം അധികമായാൽ പ്രകൃതിയിലെ സുഖഭോഗങ്ങൾ അനുഭവിക്കാൻ ആഗ്രഹം തോന്നും. എന്നാൽ വൈരാഗ്യം വന്നുകഴിഞ്ഞാൽ സമാധി അവസ്ഥയിൽ ഈശ്വരസ്വരൂപത്തിന്റെ ആനന്ദം അനുഭവിക്കുന്നു. അതായത് മനസ്സ് ഇടക്ക് പ്രകൃതിയിലേക്കും ഇടക്ക് ഈശ്വരനിലേക്കും മാറികൊണ്ടിരിക്കും. മുക്താവസ്ഥയിൽ ജീവാത്മാവ് സദാ പരമാത്മാവിൽ മുഴുകി ആനന്ദിക്കുന്നു. ഈ മനുഷ്യശരീരത്തിൽ ആത്മാവ് കുറച്ചുകാലം മാത്രമെ ആനന്ദം അനുഭവിച്ചു ജീവിക്കുകയുള്ളു. എന്നാൽ മുക്താവസ്ഥയിൽ പരാന്തകാലം അതായത് 36000 തവണ സൃഷ്ടി - പ്രളയ ചക്രം ചലിക്കുന്നുവോ അത്രയും കാലം ആത്മാവിന് പരമാത്മാവിനെ പ്രാപ്തമാവുന്നു. അതുകൊണ്ട് മനുഷ്യന്റെ അൽപ്പജീവനിൽ അൽപ്പകാലത്തേക്കുള്ള ഈശ്വരപ്രാപ്തിയോ നല്ലത് അതോ മോക്ഷാവസ്ഥയിൽ പരാന്തകാലത്തേക്കുള്ള ഈശ്വരപ്രാപ്തിയോ?

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

രണ്ടാമത്തേത് സൃഷ്ടിക്രമം – അതായത് സൃഷ്ടിയുടെ ഗുണകർമ്മസ്വഭാവങ്ങൾക്കു വിരുദ്ധമായവയെ മിഥ്യയെന്നും അനുകൂലമായതിനെ സത്യമെന്നും പറയുന്നു. മാതാപിതാക്കളില്ലാതെ പുത്രനുണ്ടായെന്നോ, ചെവികൊണ്ട് കണ്ടെന്നോ, കണ്ണുകൾകൊണ്ട് സംസാരിച്ചുവെന്നോ ആരെങ്കിലും പറഞ്ഞാൽ അത് സൃഷ്ടിക്രമത്തിനു വിരുദ്ധമാകയാൽ മിഥ്യയാണെന്നും, മാതാപിതാക്കളിലൂടെ കുട്ടികൾ ഉണ്ടായി, കാതുകൊണ്ട് കേട്ടു, കണ്ണുകൾകൊണ്ട് കണ്ടു തുടങ്ങിയവ സൃഷ്ടിക്രമത്തിനനുകൂലമാകയാൽ അവ സത്യവുമാണെന്നറിയുക.

മൂന്നാമത്തേത് പ്രത്യക്ഷാദി 8 പ്രമാണങ്ങളാൽ പരീക്ഷ നടത്തി ശരിയെന്നു കാണുന്നത് സത്യവും തെറ്റെന്നു നിർണ്ണയിക്കപ്പെടുന്നത് അസത്യവുമാണ്. ഉദാഹരണത്തിന്, ഒരാൾ മറ്റൊരാളോട് ചോദിക്കുന്നു. 'ഇത് എന്താണ്?' 'പൃഥിവി' എന്ന് മറുപടി ലഭിക്കുന്നു. അത് പ്രത്യക്ഷ ആണ്. പൃഥിവിയുടെ കാരണമറിയുന്നത് അനുമാനം. ഒരു നിർമ്മാതാവില്ലാതെ വീടുണ്ടാവില്ല എന്നതുപോലെ സൃഷ്ടിയുടെ കർത്താവായ ഈശ്വരൻ വലിയ നിർമ്മാതാവാണെന്ന് നിർണ്ണയിക്കുന്നത് ഉപമാനം. സത്യോപദേഷ്ടാക്കളുടെ ഉപദേശം 'ശബ്ദ'വും ഭൂതകാലസ്ഥരുടെ പ്രവൃത്തികൾ, സൃഷ്ടി തുടങ്ങിയ പദാർത്ഥങ്ങളുടെ കഥ എന്നിവ ഐതിഹ്യമാണ്. ഒരു കാര്യം കേട്ടറിഞ്ഞ് അവയിലെ കേൾക്കാത്ത ഭാഗങ്ങളെ കുറിച്ചു മനസ്സിലായി എന്നു പറയുന്നത് അർത്ഥാപത്തിയാണ്. കാരണത്തിൽനിന്ന് കാര്യമുണ്ടാവുമെന്ന അറിവ് 'സംഭവ' പ്രമാണവുമാണ്. എട്ടാമത്തേത് അഭാവമാണ്. ഉദാഹരണത്തിന് ഒരാൾ 'വെള്ളം കൊണ്ടുവരൂ" എന്നു പറയുന്നു. ആരോടാണോ പറയുന്നത് അയാൾക്കവിടെ വെള്ളത്തിന്റെ അഭാവമുണ്ടെന്ന് മനസ്സിലാവുകയും എവിടെയാണോ വെള്ളത്തിന്റെ ഭാവമുള്ളത് അവിടെനിന്ന് കൊണ്ടുവരണമെന്ന് അറിയുന്നു. ഇതിനെയാണ് അഭാവ പ്രമാണമെന്നു പറയുന്നത്. ഈ എട്ടു പ്രമാണങ്ങൾക്കും വിപരീതമല്ലാത്തത് സത്യവും വിരുദ്ധമായത് മിഥ്യയുമാണ്.

ആപ്തന്മാരുടെ ആചാരങ്ങളിലും സിദ്ധാന്തങ്ങളിലും കൂടെ പരീക്ഷിച്ചറിയുന്നത് – അതായത് സത്യവാദി, സത്യകാരി, സത്യമാനി, പക്ഷപാത രഹിതരായ വ്യക്തികളുടെ – അത്തരം ധാർമ്മികരായവരെ ആപ്തൻ എന്നു പറയും. അത്തരക്കാരുടെ ഉപദേശം, ആചാരം, ഗ്രന്ഥങ്ങൾ, സിദ്ധാന്തങ്ങൾ എന്നിവ എല്ലാവർക്കും യുക്തമായതിനാൽ അത് സത്യവും അവക്കു വിപരീതമായത് മിഥ്യയുമാകുന്നു.

(തുടരും)

***തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)***
***ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !***







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദനാംനിത്യത്വ വിചാരഃ

ഏവം ജൈമിനി മുനിനാപി ശബ്ദസ്യ നിത്യത്വം പ്രതിപാദിതം.

**'നിത്യസ്തുസ്യാദ്ദർശനസ്യ പരാർത്ഥത്വാത്'**
(പൂർവ്വമീമാംസ അ 1. പാ.1 സൂ.18)

**അസ്യായമർത്ഥഃ** – 'തു' ശബ്ദേനാനിത്യശങ്കാനിവാര്യതെ। വിനാശരഹിതത്വാഛബ്ദോ നിത്യോ f സ്തി, കസ്മാത്? ദർശനസ്യ പരാർധത്വാത്। ദർശനസ്യോച്ചാരണസ്യ പരസ്യാർത്ഥസ്യജ്ഞാപനാർത്ഥത്വാത് ശബ്ദസ്യാനിത്യത്വം നൈവ ഭവതി। അന്യഥാ f യം ഗോശബ്ദാർത്ഥോ f സ്തീന്യഭിജ്ഞാ f നിത്യേന ശബ്ദേനഭവിതുമയോഗ്യാസ്തി (ശബ്ദസ്യോച്ചരിതപ്രദ്ധ്വംസിത്വാദ് അർത്ഥേന സഹസംബന്ധസ്യ പ്രതിപത്തുമശക്യത്വാദ് 'അയമസ്യാർത്ഥഃ' ഇത്യേവം പ്രത്യഭിജ്ഞാ ന സ്യാദിത്യഭിപ്രായഃ।) നിത്യത്വേസതി ജ്ഞാപ്യജ്ഞാപകയോർവിദ്യമാനത്വാത് സർവ്വമേതത്സംഗതം സ്യാത് അതശ്ചൈകമേവ ഗോശബ്ദം യുഗപദനേകേഷു സ്ഥലേഷ്വനേക ഉച്ചാരകാ ഉപലഭന്തെ, പുനഃ പുനസ്യാമേവ ചേതി। ഏവം ജൈമിനിനാ ശബ്ദനിത്യത്വേ f നേകേ ഹേതവഃ പ്രദർശിതാഃ।

**ഭാഷാർത്ഥം:** ഇപ്രകാരം ജൈമിനി മുനിയും ശബ്ദം നിത്യമാണെന്നംഗീകരിക്കുന്നു. (നിത്യസ്തു) ശബ്ദത്തിൽ ഏതൊന്ന് അനിത്യമാണെന്നു സംശയം ജനിക്കുന്നുവോ അതിനുള്ള നിവാരണം 'തു' ശബ്ദത്തിൽ വരുന്നുണ്ട്. ശബ്ദം നിത്യമാണ്. അതായത് നാശരഹിതമാണ്. എന്തെന്നാൽ ഉച്ചാരണപ്രക്രിയയാൽ ഏതൊരു ശബ്ദത്തിന്റെ ശ്രവണമാണോ ഉണ്ടാവുന്നത് അത് അർത്ഥമറിയുന്നതിനുവേണ്ടി തന്നെയാണ്. അതിനാൽ ശബ്ദം അനിത്യമാവുന്നില്ല. ഉച്ചരിക്കുന്ന ശബ്ദത്തിന് പ്രത്യഭിജ്ഞ അഥവാ തിരിച്ചറിയാനുള്ള അടയാളമുണ്ട്. ശ്രോത്രത്താൽ ലഭിക്കുന്ന ജ്ഞാനത്തിനിടയിൽ ആ ശബ്ദം സ്ഥിരമായിരിക്കുന്നു. പിന്നീട് ആ ശബ്ദത്തിൽ അർത്ഥത്തിന്റെ പ്രതീതിയുണ്ടാവുന്നു. ശബ്ദം അനിത്യമാണെങ്കിൽ അർത്ഥത്തിന്റെ അറിവ് ആര് നൽകും. എന്തെന്നാൽ അത് ശബ്ദമാകുന്നില്ലെങ്കിൽ അതിന്റെ അർത്ഥം ആരറിയും? 'ഗോ' എന്ന ശബ്ദം അനേകം ദേശങ്ങളിൽ അനേകം ആളുകൾ ഒരേസമയം ഉച്ചരിക്കപ്പെടുന്നു. ഇപ്രകാരം ആ ശബ്ദത്തിന്റെ ഉച്ചാരണം തുടർച്ചയായി ഉച്ചരിക്കപ്പെടുന്നു. ഇക്കാരണത്താലും ശബ്ദം നിത്യമാണ്. ശബ്ദം അനിത്യമാണെങ്കിൽ ഈ വ്യവസ്ഥ ഒരിക്കലും വരില്ല. ഇപ്രകാരം ജൈമിനി മുനി ശബ്ദം നിത്യമാണെന്നതിന് അനേകം കാരണങ്ങൾ പൂർവ്വമീമാംസാ ശാസ്ത്രത്തിൽ ബോധ്യമാക്കുന്നുണ്ട്. വൈശേഷിക ദർശനത്തിന്റെ സൂത്രക്കാരനായ കണാദമുനി പറയുന്നത് നോക്കുക.

**"തദ്വചനാദാമ്നായസ്യ പ്രാമാണ്യമ്"** (വൈശേഷിക ദർശനം 1.1.3.)

(തുടരും)

***ഭദ്രാ രാതിഃ (സാമം 111)***
***പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ***

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

സംപ്രജ്ഞാതസമാധിക്ക് നാലുഭേദങ്ങളുണ്ട്.
1. വിതർക്കം, 2. വിചാരം, 3. ആനന്ദം, 4. അസ്മിത

1. വിതർക്കത്തിൽ സ്ഥൂലഭൂതങ്ങൾ പ്രത്യക്ഷമാവുന്നു.

2. വിചാരത്തിൽ സൂക്ഷ്മഭൂതങ്ങൾ പ്രത്യക്ഷമാവുന്നു.

3. ആനന്ദത്തിൽ മനസ്സ്, ഇന്ദ്രിയങ്ങൾ, അഹങ്കാരം, മഹത്തത്ത്വം എന്നിവ പ്രത്യക്ഷമാവുന്നു.

4. അസ്മിതയിൽ ജീവാത്മാവ് പ്രത്യക്ഷമാവുന്നു.

സംപ്രജ്ഞാതത്തിന്റെ പരിപക്വമായ അവസ്ഥയുടെ പേര് 'ധർമ്മമേധ സമാധി' എന്നാണ്. ഈ സമാധിയിൽ 'സത്വപുരുഷാന്യതാഖ്യാതി' അഥവാ ബുദ്ധി തുടങ്ങിയ പ്രാകൃതിക പദാർത്ഥങ്ങളും ജീവാത്മാവും വെവ്വേറെയാണെന്നുള്ള ജ്ഞാനമുണ്ടാവുന്നു. അഷ്ടാംഗയോഗവും അപരവൈരാഗ്യവും ഇതിനുള്ള ഉപാധികളാണ്. ഈ സമാധിയിൽ ക്ലേശത്തിന്റെ പര്യാപ്തമാത്രയിൽ ഭഗ്ദ്ധബീജഭാവാവസ്ഥ ഉണ്ടാവുന്നു. പക്ഷെ സൂക്ഷ്മ ക്ലേശങ്ങൾ നില നിൽക്കുന്നു. എന്തെന്നാൽ ക്ലേശങ്ങളുടെ നിതാന്ത പരിസമാപ്തി അസംപ്രജ്ഞാത സമാധിയിൽ മാത്രമാണ് ഉണ്ടാവുന്നത്.

2. അസംപ്രജ്ഞാതസമാധി: 'നകിംചിൽസംപ്രജ്ഞായതേ $f$ സ്മിന്നിത്യസംപ്രജ്ഞാതഃ' സംപ്രജ്ഞാതസമാധിയിൽ സാത്വിക ചിത്തവൃത്തിയുടെ മാധ്യമത്താൽ സ്ഥൂല ഭൂതങ്ങൾ മുതൽ മഹതത്ത്വപര്യന്തമുള്ള ഏതെല്ലാം പ്രാകൃതിക പദാർത്ഥങ്ങളുടെയും ആത്മാവിന്റേയും ബോധമുണ്ടാവുന്നുവോ ആ പദാർത്ഥങ്ങളുടെ ജ്ഞാനം 'അസംപ്രജ്ഞാതസമാധി'യിൽ ഇല്ലാതായിതീരുന്നു. ഈ അവസ്ഥയിൽ ഈശ്വരപ്രദത്തജ്ഞാനത്താൽ ജീവാത്മാവ് ഈശ്വരനെ പ്രത്യക്ഷീകരിക്കുന്നു.

സംപ്രജ്ഞാതസമാധിയിൽ ജീവാത്മാവിന് സ്വന്തം സ്വരൂപത്തിന്റെ പരിജ്ഞാനമുണ്ടാവുന്നു. എന്നാൽ അസംപ്രജ്ഞാതസമാധിയിൽ ഈശ്വരൻ പ്രത്യക്ഷമാവുന്നതോടൊപ്പം സംപ്രജ്ഞാതസമാധിയെ അപേക്ഷിച്ച് ജീവാത്മാവിന് തന്റെ സ്വരൂപത്തെക്കുറിച്ച് കൂടുതൽ ഉൽകൃഷ്ടജ്ഞാനമുണ്ടാവുന്നു. ഈ സമാധിയിൽ ചിത്തത്തിന്റെ സാത്വികവൃത്തിയുടേയും നിരോധമുണ്ടാവുന്നു.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 2 — പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം

### സൃഷ്ടിഖണ്ഡം

ഈ ഖണ്ഡത്തിൽ 82 അദ്ധ്യായങ്ങളുണ്ട്. തുടർന്ന് 5 പർവ്വങ്ങളായും ഉപഖണ്ഡങ്ങളായും വിഭജിച്ചിരിക്കുന്നു. പൗഷ്കരപർവ്വം, തീർത്ഥപർവ്വം, തൃതീയപർവ്വം, വംശാനുകീർത്തന പർവ്വം, മോക്ഷപർവ്വം എന്നിവയാണവ. ഇവയിൽ ഏഴുതരത്തിലുള്ള സൃഷ്ടിയുടെ വർണ്ണനയുണ്ട്. പിതൃക്കളുടെ ശ്രാദ്ധകർമ്മം ചെയ്യേണ്ട വിധികൾ ഇതിൽ പറയുന്നുണ്ട്. ഭീഷ്മ-പുലസ്ത്യ സംവാദത്തിലാണിവ വർണ്ണിക്കുന്നത്.

പർവ്വതങ്ങൾ, ദ്വീപുകൾ, സപ്തസാഗരങ്ങൾ എന്നിവയുടെ വർണ്ണനയുണ്ട്. 24-ാം അദ്ധ്യായത്തിൽ ആദിത്യശയനം, ചന്ദ്രശയനം തുടങ്ങിയ വ്രതങ്ങളെപ്പറ്റി പറയുന്നുണ്ട്.

36-ാം അദ്ധ്യായത്തിൽ ഭഗവാൻ നാരായണന്റെ മാഹാത്മ്യം, പ്രളയകാലത്ത് ആലിലയിൽ ഭഗവാനെ മാർക്കണ്ഡേയ ഋഷി ദർശിക്കുന്നത് എന്നിവ വിവരിക്കുന്നു. നരകാസുരന്റെ കഥ, കാർത്തികേയനാൽ നരാകാസുരവധം എന്നിവ 38 മുതൽ 40 വരെയുള്ള അദ്ധ്യായങ്ങളിൽ വർണ്ണിക്കുന്നു. 49-ാം അദ്ധ്യായത്തിൽ മാണ്ഡവ്യ ഋഷി, അദ്ദേഹത്തിന്റെ ധർമ്മനിഷ്ഠയും പതിവ്രതയുമായ പത്നിയുടെ പതി ഭക്തി എന്നിവ പറയുന്നു.

58-ാം അദ്ധ്യായത്തിൽ രുദ്രാക്ഷത്തിന്റെ ഉൽപ്പത്തി വിവരിക്കുന്നു. 61-ാം അദ്ധ്യായത്തിൽ ഗണപതിയുടെ മഹിമ വർണ്ണിക്കുന്നു.

### ഭൂമിഖണ്ഡം

62-ാം അദ്ധ്യായത്തിൽ പുഷ്കരതീർത്ഥം, നർമ്മദാതടം എന്നിവയുടെ മഹിമ വിവരിക്കുന്നു. ശകുന്തളോപാഖ്യാനം (ഇത് മഹാഭാരതത്തിലേതിൽനിന്ന് അൽപ്പം വ്യത്യസ്തമാണ്. എന്നാൽ കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിനു സമാനമാണിത്). ദിവോദാസൻ, ഹരിശ്ചന്ദ്രൻ, മാന്ധാതാ തുടങ്ങിയ രാജാക്കന്മാരുടെയും കഥകൾ പറയുന്നുണ്ടിവിടെ.

വിവിധ തീർത്ഥസ്ഥാനങ്ങളെക്കുറിച്ച് വർണ്ണിക്കുന്നുണ്ട് ഈ ഖണ്ഡത്തിൽ. ഭഗവാൻ വിഷ്ണുവിന്റെ പുരാണമയ സ്വരൂപത്തേക്കുറിച്ചും പറയുന്നുണ്ടിതിൽ.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

**എ**ന്നാൽ വേദാദി ശാസ്ത്രങ്ങളിൽ എല്ലായിടത്തും ഒരു പുരുഷന് ഒരു ഭാര്യയും ഒരു സ്ത്രീക്ക് ഒരു ഭർത്താവും എന്നുള്ള വിധിയാണുള്ളത്.

പുരുഷന്മാർ ഇടക്കൊക്കെ നിയമത്തിനു വിരുദ്ധമായി ഒന്നിലധികം ഭാര്യമാരെ നിലനിർത്തിയിരുന്നുവെങ്കിലും ഒരു സ്ത്രീക്ക് നിരവധി ഭർത്താക്കന്മാർ എന്ന രീതി പ്രാചീനകാലത്ത് ഒരിക്കലും ഉണ്ടായിരുന്നില്ല. കൗരവ - പാണ്ഡവരുടെ വംശത്തിലും ഈ രീതിയുണ്ടായിരുന്നില്ല. അതിനുശേഷവും അത്തരം കാര്യങ്ങൾ പറഞ്ഞുകേട്ടിട്ടില്ല.

**ദ്രൗപദിക്ക് എന്തുകൊണ്ട് 5 പതിമാരുണ്ടായി?**

ഇതിന് മഹാഭാരതത്തിൽ ഒരിടത്ത് മാത്രം പറയുന്ന ഒരു കഥമാത്രമാണ് അടിസ്ഥാനം. വനവാസകാലത്ത് കുന്തിയും പാണ്ഡവരും ഒരു കുശവന്റെ (മൺകുടമുണ്ടാക്കുന്നവന്റെ) വീട്ടിലാണ് താമസിച്ചിരുന്നത്. പഞ്ചപാണ്ഡവന്മാർ ദ്രൗപദീ സ്വയംവരത്തിനായി പോയി. അർജ്ജുനൻ ലക്ഷ്യവേധം ചെയ്ത് ദ്രൗപദിയെ നേടി. യുധിഷ്ഠിരൻ, നകുലൻ, സഹദേവൻ എന്നിവരൊന്നിച്ച് അമ്മയുടെ അടുത്തെത്തി.

തുടർന്ന് ഇങ്ങിനെ എഴുതിയിരിക്കുന്നു. ഭീമസേനനും അർജ്ജുനനും ദ്രൗപദിയോടൊപ്പം കുന്തീദേവിയുടെ അടുത്ത് പിന്നീടാണ് എത്തിയത്. അവർ അമ്മയോട് ഇങ്ങനെ പറഞ്ഞു ''അമ്മേ! ഇന്നു ഞങ്ങൾ വളരെ നല്ല ഒരു ഭിക്ഷയുമായാണ് വന്നിരിക്കുന്നത്". ഇതുകേട്ട കുന്തി ദ്രൗപദിയെ കാണുന്നതിനു മുമ്പായി ഇങ്ങനെ പറഞ്ഞു. "നിങ്ങളഞ്ചുപേരും ചേർന്ന് അതിനെ (ഭിക്ഷയെ) പങ്കിട്ടെടുത്തു ഭക്ഷിച്ചാലും"

അമ്മയുടെ വാക്ക് പാലിക്കുന്നതിനായി അഞ്ചു സഹോദരന്മാരും ചേർന്ന് ദ്രൗപദിയെ വിവാഹം കഴിച്ചു. അങ്ങനെ ദ്രൗപദി അഞ്ചുപേരുടേയും പത്നിയായിതീർന്നു.

ഈ ഗ്രന്ഥത്തിൽ താഴെ പറയുന്ന പ്രബലമായ യുക്തികളുടെ അടിസ്ഥാനത്തിൽ ഇവ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

1. ദ്രുപദമഹാരാജാവ് ദ്രൗപദിയെ വിവാഹം കഴിക്കുന്നതിനുമുമ്പായി തന്നെ ഭീമസേനനും അർജ്ജുനനുമൊപ്പം കുശവന്റെ വീട്ടിലേക്ക് താമസിക്കാനായി പറഞ്ഞയച്ചുവോ?

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം -5



**ന**ല്ല വിശാലമായ ഫ്ളാറ്റ്! കേറിചെല്ലുന്ന തളത്തിന് ക്രിക്കറ്റ് കളിക്കത്തക്ക വീതിയും നീളവുമുണ്ട്. അതിനപ്പുറം രണ്ടു കിടപ്പുമുറികൾ. അവയോട് ചേർന്ന് കുളിമുറി, കക്കൂസ് മുതലായവ. എല്ലാംകൊണ്ടും നല്ല സൗകര്യപ്രദം. അതിന്റെ വലതുവശം കുറച്ചുവിട്ട് അടുക്കള, അഞ്ചാറുപേരടങ്ങുന്ന ഒരു കുടുംബത്തിന് സുഖമായി താമസിക്കാവുന്ന കാറ്റും വെളിച്ചവും ധാരാളം കിട്ടുന്ന നല്ല സുന്ദരമായ ഫ്ളാറ്റ്. അത് കണ്ടാൽ തന്നെ അനുമാനിക്കാം അദ്ദേഹത്തിന്റെ പദവിയുടെ മേന്മ.

ഏകദേശം ഒരാഴ്ചക്കുള്ളിൽ തന്നെ പാച്ചൻ അവിടുത്തെ ചിട്ടകളെല്ലാം നമസ്സിലാക്കി. പാച്ചനങ്ങനെ അവിടത്തെ ഒരംഗത്തേപോലായി.

"എടോ, താനെത്രത്തോളം പഠിച്ചിട്ടുണ്ട്" - ഒരു ദിവസം സ്വാമി പാച്ചനോട് ചോദിച്ചു.

'' 7-ാം തരം പാസ്സായിട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാവ് ബ്രാഹ്മണർക്കുവേണ്ടി കുളക്കടയിൽ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ സ്ഥാപിച്ചിട്ടുണ്ട്. അവിടെ ഭക്ഷണവും താമസവും സൗജന്യമായിരുന്നു. പുസ്തകം, വസ്ത്രം എന്നീ ചിലവുകൾക്ക് തിരുവനന്തപുരത്തുപോയി പട്ടത്താനം ചാർത്തി. അതിന് കൊല്ലത്തിൽ 16 രൂപയോളം കിട്ടും. അതുകൊണ്ടാണ് ചിലവ് കഴിച്ചിരുന്നത്. കൊട്ടാരക്കരയിൽനിന്നും ഉള്ള കോട്ടയം റൂട്ടിൽ കുളക്കട എന്ന് സ്ഥലത്താണ് സ്കൂൾ" - പാച്ചൻ വിനീതനായി ചരിത്രം ചുരുക്കി വിവരിച്ചു.

''അദ്ദേഹം പാച്ചനെ അടുത്തുള്ള ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർത്തു. കാലത്ത് ഗാർഹിക പ്രവർത്തികൾ കഴിഞ്ഞാൽ ടൈപ്പിംഗിനുപോകും. ഇൻസ്റ്റിറ്റ്യൂട്ട് വിട്ട് വന്നാൽ ഊണ് കഴിക്കും. പിന്നെ മൂന്നുമണിവരെ ഒഴിവാണ്. ലൈബ്രറി പുസ്തകങ്ങൾ വായിക്കാനുള്ള സമയമാണിത്. പിന്നെ കാപ്പി ഉണ്ടാക്കും. വൈകുന്നേരത്തേക്ക് അരി മാത്രമേ വെക്കേണ്ടതുള്ളു. ബാക്കിയെല്ലാം രാവിലെത്തേതുണ്ടാവും.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*